

THURSDAY 15.02.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003

Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/02/2024

1. കരകുളം ഗ്രാമപഞ്ചായത്ത് **നമുക്കായ് ഒരു ഹരിതവീഥി** പദ്ധതി പ്രകാരം പൈപ്പ് ലൈൻ റോഡിൽ രണ്ടര ഏക്കർ സ്ഥലത്ത് പൂക്കളും പച്ചക്കറിയും കൃഷി ചെയ്യുന്നു. ഇതിന്റെ വിളവെടുപ്പ് ഉത്സവം ഇന്ന് (15.02.2024) രാവിലെ എട്ടുമണിക്ക് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ ചടങ്ങിൽ അധ്യക്ഷതവഹിക്കും.

2. ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും അവർമ്മ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെയും, മുളക്കുളം ഗ്രാമപഞ്ചായത്തിന്റെയും, സംയുക്താഭിമുഖ്യത്തിൽ 2024 ഫെബ്രുവരി 15 വ്യാഴാഴ്ച രാവിലെ 10.00 നു വ്യാപാര ഭവൻ, പെരുവയിൽ വച്ച് പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടി നടത്തുന്നു. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ധർ പരിപാടിയിൽ ക്ലാസുകൾ നയിക്കുന്നതാണ്.

3. വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിൽ 2024 ഫെബ്രുവരി 19-ാം തിയതി രാവിലെ 10 മണിക്ക് കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന 'കൊക്കോ ഡേ' പരിപാടി തൃശൂർ ജില്ലാ കളക്ടർ ഉദ്ഘാടനം ചെയുന്നതാണ്. ഇതോടനുബന്ധിച്ച് കൊക്കോ വിളയുടെ പ്രദർശനവും, കൊക്കോ കൃഷിയുടെ സാദ്ധ്യത, ബന്ധപ്പെടുത്തിയുള്ള ശാസ്ത്രീയകൃഷിയും പരിപാലനവും, കീടരോഗ നിയന്ത്രണം, സംസ്ക്കരണം എന്നീ വിഷയങ്ങളിൽ സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

4. നാളികേര വികസന ബോർഡ് തെങ്ങ് കയറ്റ തൊഴിലാളികൾക്കായി കേരസുരക്ഷാ ഇൻഷുറൻസിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം കോഴിക്കോട് ജില്ലാ കളക്ടറുടെ

നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വാഭിമാൻ സോഷ്യൽ സർവീസ് & ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. ഒരു വർഷത്തേക്ക് 94/- രൂപ അടവിൽ അഞ്ചു ലക്ഷം രൂപയാണ് മരണാനന്തര സഹായം. രണ്ടര ലക്ഷം രൂപ അപകടത്തിലെ പൂർണ്ണ വൈകല്യങ്ങൾക്കും ചികിൽസാ സഹായങ്ങൾക്കും ലഭ്യമാകും. വിശദ വിവരങ്ങൾക്ക് 8891889720 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് എ ഹെൽപ്പ്. ഈ പദ്ധതിയിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വീട്ടുപടിക്കലെത്തിക്കുന്നതിനും വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. പദ്ധതി പ്രവർത്തനങ്ങളും രോഗപ്രതിരോധ ചികിത്സാ മാർഗ്ഗങ്ങളും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള മൃഗസംരക്ഷണ വകുപ്പിന്റെ കർമ്മസേനയായി ഇവർ പ്രവർത്തിക്കും. മൃഗാരോഗ്യ സംരക്ഷണം, തീറ്റ പരിപാലനം, ശുദ്ധമായ പാലുൽപ്പാദനം, പുൽകൃഷി, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ, കന്നുകാലികളെ ഇൻഷുർ ചെയ്യുന്നതിനും, ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഒരുക്കൽ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയിൽ ഹെൽപ്പർമാർക്ക് പരിശീലനം നൽകും. അക്രഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് & എക്സ്റ്റൻഷൻ ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ എന്നതിന്റെ ചുരുക്കപ്പേരാണ് എ ഹെൽപ്പ്. കർഷകർക്ക് പരമാവധി സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം വഴിയൊരുക്കും.

6. ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ഇന്ത്യ ഇൻറർനാഷണൽ ഹോർട്ടി എക്സ്പോയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ എക്സിബിഷൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്റ്റാളിൽ ഹോർട്ടികൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിഭവങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിൽപ്പനയ്ക്കും താത്പര്യമുള്ള /കർഷക സംഘടനകൾ / കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷയിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഹോർട്ടികൾച്ചർ ഉത്പന്നത്തിന്റെ വിശദാംശവും, പങ്കെടുക്കുന്നവരുടെ എണ്ണവും വ്യക്തമായി കാണിക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾക്ക് mdshmkerala@yahoo.co.in എന്ന ഈ-മെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2023-24 അധ്യയന വർഷം മുതൽ ആരംഭിച്ച ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിലേക്കുള്ള മൂന്നാംഘട്ട സ്പോട്ട് അഡ്മിഷൻ 20.02.2024 തിയതിയിൽ തൃശൂർ വെള്ളാനിക്കര കേരള കാർഷിക സർവകലാശാല ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കോളേജ് ഓഫ് ഫോറസ്ട്രിയുടെ സെമിനാർ ഹാളിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 2023 വർഷത്തെ KEAM-NEET പ്രവേശന പരീക്ഷയിൽ മെഡിക്കൽ റാങ്ക് ലഭിച്ച വിദ്യാർഥികൾക്കും CUET (ICAR-UG) 2023 റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും പ്രസ്തുത കോഴ്സിന് അഡ്മിഷൻ എടുക്കാവുന്നതാണ്. അഡ്മിഷനുമായിബന്ധപെട്ട വിശദ വിവരങ്ങൾക്ക് www.kau.in എന്നവെബ് സൈറ്റ് സന്ദർശിക്കുക. കൂടതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438139.

8. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെൻ്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാൻ്റ് ടിഷ്യുകൾച്ചർ ടെക്നിഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 01.04.2024 തീയതിയിൽ 35 വയസ്സിൽ താഴെ പ്രായമുള്ള അഗ്രികൾച്ചർ/

ബയോളജി/ ബോട്ടണി വിഷയങ്ങളോടെ പ്ലസ് ടു/ വി.എച്.എസ്.ഇ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഈ കോഴ്സിൽ തൊഴിൽ സാധ്യതയുള്ള/ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ടിഷ്യൂകൾച്ചർ, നഴ്സറി മാനേജ്മെന്റ് എന്നിവയുടെ സാങ്കേതിക വിദ്യകളിൽ പ്രായോഗിക പരിശീലനം നൽകുന്നു. ഒരു ബാച്ചിൽ 20 പേർക്ക് മാത്രം പ്രവേശനം നൽകുന്ന കോഴ്സിന് ഫീസ് 4500/- രൂപ. മൂന്ന് മാസത്തെ ട്രെയിനിങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രം മൂന്ന് മാസം അപ്രന്റിസ്ഷിപ്പ് നൽകുന്നതും, കോഴ്സും അപ്പ്രെന്റിസ്ഷിപ്പും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രം കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. അപേക്ഷാഫോമും പ്രോസ്പെക്ടസും 15.02.2024 വരെ കാർഷിക കേരളം വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 17.02.2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ തിരുവനന്തപുരം - 695582 എന്ന വിലാസത്തിലോ, 0471-2413739, 9383470294, 9383470293 എന്നീ ഫോൺ നമ്പരുകളിലോ cru.bmfctvm@kerala.gov.in എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

9. മൃഗസംരക്ഷണ പരിശീലനകേന്ദ്രം- ആതവനാട് കേരള കാർഷിക സർവകലാശാലയുമായി സംയോജിച്ച് 2024 – ഫെബ്രവരി - 20 ന് 'മുട്ടക്കോഴി വളർത്തൽ, നൂതന പരിപാലന മാർഗ്ഗങ്ങൾ'' എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പ്പര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. സ്ലോട്ടർ ടാപ്പിങ്ങിനുശേഷം മുറിച്ചുമാറ്റുന്ന റബ്ബർതടിയുടെ വിപണനസാധ്യതകൾ, റബ്ബർബോർഡിന്റെ വുഡ് ടെസ്റ്റിങ് ലബോറട്ടറി നൽകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (ഫെബ്രുവരി 15) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിലെ റബ്ബർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ട്രെയിനിങ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം